മാതൃഭൂമി

06 April 2018

# 10 മത്സ്യ, ചെമ്മീൻ ഇനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറായി

## കയറ്റുമതി മൂല്യം ഉയർത്താൻ എം.എസ്.സി. സർട്ടിഫിക്കേഷൻ

**കൊച്ചി** ▸ ഇന്ത്യയിൽനിന്നുള്ള സമുദ്രവിഭവങ്ങളുടെ കയറ്റുമതി മൂല്യം ഉയർത്തുന്നതിന്റെ ഭാഗമായി, വിദേശ വിപണിയിൽ കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനാവശ്യമായ മറൈൻ സ്റ്റിവാർഡ്ഷിപ്പ് കൗൺസിൽ (എം.എസ്.സി.) സർട്ടിഫിക്കേഷൻ നേടുന്നതിന് 10 മത്സ്യ, ചെമ്മീൻ ഇനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറായി. എം.എസ്.സി. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) പാനൽ ചർച്ചയിലാണ് പട്ടിക തയ്യാറാക്കിയത്.

കാവാലൻ ഞണ്ട്, ചെമ്മീൻ, റെഡ് റിങ് ചെമ്മീൻ, കൂന്തൽ, പ്രാമുട്ട ശംഖ്, ഫ്ലവർ ചെമ്മീൻ, കള്ളൻ കണവ, കടൽ കൊഞ്ച്, വരയൻ ചൂര, കിളിമീൻ എന്നിവയാണ് സർട്ടിഫിക്കേഷൻ നേടുന്നതിനായി തിരഞ്ഞെടുത്ത മത്സ്യ ചെമ്മീൻ ഞണ്ട് കക്ക ഇനങ്ങൾ. വിദേശ വിപണികളിലെ വാണിജ്യ പ്രാധാന്യം കണക്കിലെടുത്താണ് ഇവയുടെ പട്ടിക തയ്യാറാക്കിയത്.

എം.എസ്.സി.യുടെ ഇക്കോ ലേബലിങ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കൂട്ടായ ശ്രമങ്ങൾ നടത്താൻ മത്സ്യമേഖലയിലെ വിദഗ്ധർ, സമുദ്രമത്സ്യ കയറ്റുമതി വ്യവസായികൾ, മത്സ്യത്തൊഴിലാളികൾ, മത്സ്യ മൊത്ത വ്യാപാരികൾ എന്നിവരടങ്ങിയ ചർച്ചയിൽ തീരുമാനമായി. മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള പരിപാലന പദ്ധതികൾ നടപ്പിലാക്കും.

എം.എസ്.സി. സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ, ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്യുന്ന സമുദ്രവിഭവങ്ങൾക്ക് വിദേശ വിപണിയിൽ കൂടുതൽ വില ലഭിക്കുകയുള്ളൂ. ഇതിനാൽ സുസ്ഥിരതയും ഗുണനിലവാരവും ഉറപ്പാക്കാനുള്ള പദ്ധതികൾക്ക് ചർച്ചയിൽ രൂപം നൽകി.

എം.എസ്.സി. സർട്ടിഫിക്കേഷൻ നേടുന്നതിലൂടെ സമുദ്രവിഭവങ്ങളുടെ വിദേശനാണ്യം വർധിപ്പിക്കാമെന്ന് ലണ്ടൻ ആസ്ഥാനമായ എം.എസ്.സി.യുടെ പ്രോഗ്രാം മേധാവി ഡോ. ഡോ യെമി ഓലാരുന്ദുയി പറഞ്ഞു. സുസ്ഥിരത ഉറപ്പുവരുത്താത്ത സമുദ്രവിഭവങ്ങൾ വിദേശ രാജ്യങ്ങളിൽ വിപണനം നടത്തുന്നത് അത്ര എളുപ്പമല്ല.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സുനിൽ മുഹമ്മദ്, എം.എസ്.സി. ഇന്ത്യൻ കൺസൽട്ടന്റ് ഡോ. രഞ്ജിത്ത് സുശീലൻ, ഡോ. എമ ഫാത്തിമ, രാം മോഹൻ, ഡോ. ടി.വി. ശങ്കർ തുടങ്ങിയവർ സംസാരിച്ചു.